# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1785 | 14.08.2017 ൽ മറുപടിയ്ക്കുള്ളതായിരുന്നത്

## ക്രമസമാധാനം ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതികൾ

**ചോദ്യം**

ശ്രീ.ഇ.പി.ജയരാജൻ
ശ്രീ.വി. ജോയി
ശ്രീ.ആർ. രാജേഷ്
ശ്രീ.കെ. ബാബു

**ഉത്തരം**

ശ്രീ.പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ക്രമസമാധാനം ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് ക്രമസമാധാനപാലനം ഭദ്രമാക്കുന്നതിനും പോലീസിനെ ജനസൗഹൃദമാക്കുന്നതിനും സർക്കാരിന്റെ വിവിധ പദ്ധതികളായ ജനമൈത്രി സുരക്ഷ പദ്ധതി, സ്ത്രീകൾക്കും കുട്ടികൾക്കും സ്വയരക്ഷക്കുതകുന്ന വിധത്തിലുള്ള സെൽഫ് ഡിഫൻസ് ട്രെയിനിംഗ് ഉൾപ്പെടെ എല്ലാ സ്റ്റേഷനുകളിലും വുമൺ ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിച്ചു. പിങ്ക് പട്രോളിങ്ങും നിർഭയ പോലുള്ള അടിയന്തര പോലീസ് ഹെൽപ്പ് ലൈൻ സൗകര്യങ്ങളും നടപ്പിലാക്കി ക്രമസമാധാനം ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ Anti Gunda Squad രൂപീകരിച്ചും ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാകുന്ന സ്ഥലങ്ങളിൽ പോലീസ് സുരക്ഷ ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആധുനിക ടെക്നോളജി ഉപയോഗിച്ച് പരാതികൾ സ്വീകരിക്കുന്നതിനുള്ള സംവിധാനങ്ങൾ പോലീസ് സ്വീകരിച്ചിട്ടുണ്ട്. iAPS, E-mail, Whatsapp, CCTNS, Cyber Dome എന്നിവ നടപ്പിലാക്കിയത് മൂലം പൊതുജനങ്ങൾക്കു വേഗത്തിൽ കൂടുതൽ മികച്ച സേവനം നൽകുന്നതിന് സാധിച്ചിട്ടുണ്ട്.

(ബി) കേസന്വേഷണങ്ങൾ ശാസ്ത്രീയമാക്കുന്നതിനും ഈ രംഗത്തെ അഴിമതി തടയുന്നതിനും കർശനമായ നിർദ്ദേശങ്ങൾ നൽകുന്നതിനായി ഉന്നതതലയോഗങ്ങളും വീഡിയോ കോൺഫറൻസിംഗും സംഘടിപ്പിച്ചിട്ടുണ്ടോ;

(ബി) കേസന്വേഷണങ്ങൾ ശാസ്ത്രീയമാക്കുന്നതിനും ഈ രംഗത്തെ അഴിമതി തടയുന്നതിനും മറ്റുമായി ജില്ലാ ഓഫീസുകളിൽ interrogation room-കൾ സ്ഥാപിച്ച് വീഡിയോ കോൺഫറൻസുകളും ഉന്നതതലയോഗങ്ങളും സംഘടിപ്പിച്ചു വരുന്നു.

(സി) ഗുണ്ടകളെയും ക്രിമിനലുകളെയും അറസ്റ്റ് ചെയ്യുന്നതിന് എല്ലാ ജില്ലകളിലും പ്രത്യേക സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) എല്ലാ ജില്ലകളിലും പോലീസ് മേധാവിയുടെ നേതൃത്വത്തിൽ ആന്റി ഗുണ്ടാ സ്ക്വാഡിനെ നിയോഗിച്ച് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയിട്ടുള്ളതാണ്. ഗുണ്ടാ പ്രവർത്തനങ്ങൾ നടത്തുന്നവരെ പ്രത്യേകമായി നിരീക്ഷിച്ച് നടപടി സ്വീകരിച്ച് വരുന്നുണ്ട്. കൂടാതെ shadow police ഉദ്യോഗസ്ഥരെയും ഇക്കാര്യത്തിൽ ഉപയോഗിച്ചു വരുന്നു.

(ഡി) സാമൂഹ്യ വിരുദ്ധർക്കും ഗുണ്ടകൾക്കും എതിരെ കാപ്പ നിയമപ്രകാരമുള്ള നടപടികളുടെ ഭാഗമായി സംസ്ഥാന വ്യാപകമായി ജില്ലാ പോലീസ് മേധാവികളുടെ നേതൃത്വത്തിൽ സ്പെഷ്യൽ ഡ്രൈവ് നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

(ഡി) സാമൂഹ്യ വിരുദ്ധർക്കും ഗുണ്ടകൾക്കും എതിരെ കാപ്പ നിയമപ്രകാരമുള്ള നടപടികളുടെ ഭാഗമായി സംസ്ഥാന വ്യാപകമായി ജില്ലാ പോലീസ് മേധാവികളുടെ നേതൃത്വത്തിൽ സ്പെഷ്യൽ ഡ്രൈവ് നടത്തിയിട്ടുണ്ട്.

(1) തിരുവനന്തപുരം റൂറൽ ജില്ലയിൽ കാപ്പ നിയമപ്രകാരമുള്ള നടപടികളുടെ ഭാഗമായി നടത്തിയ 47-സ്പെഷ്യൽ ഡ്രൈവ്കളിൽ നിന്നും 1675 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 1780 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(2) പത്തനംതിട്ട ജില്ലയിൽ സ്പെഷ്യൽ ഡ്രൈവ് പ്രകാരം 8-പേർക്കെതിരെ KAAPA നിയമപ്രകാരം നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(3) ആലപ്പുഴ ജില്ലയിൽ സ്പെഷ്യൽ ഡ്രൈവുകൾ സംഘടിപ്പിച്ചതുമായി 27 പേർക്കെതിരെ കാപ്പാനിയമം 3(1) വകുപ്പ് പ്രകാരം നടപടിയെടുത്തിട്ടുണ്ട്. 13 പേരെ അറസ്റ്റ് ചെയ്ത് കരുതൽ തടങ്കലിൽ പാർപ്പിച്ചിട്ടുള്ളതുമാണ്. കൂടാതെ കാപ്പ നിയമം 15(1) പ്രകാരം 15 പേർക്കെതിരെ റിപ്പോർട്ട്

തയ്യാറാക്കുകയും 6 പേർക്കെതിരെ സഞ്ചലന നിയന്ത്രണ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(4) എറണാകുളം റൂറൽ ജില്ലയിൽ സ്പെഷ്യൽ ഡ്രൈവ് പ്രകാരം 3 പേർക്കെതിരെ KAAPA നിയമപ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(5) കൊച്ചി സിറ്റിയിൽ സ്പെഷ്യൽ ഡ്രൈവ് നടത്തി Sec.15(4) KAAPA പ്രകാരം 2 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും 2 പേരെ അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്.

(6) കോട്ടയം ജില്ലയിൽ സ്പെഷ്യൽ ഡ്രൈവുകൾ നടത്തി 4-പേർക്കെതിരെ കാപ്പ നിയമപ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(7) തൃശ്ശൂർ റൂറൽ ജില്ലയിൽ KAAPA നിയമപ്രകാരം ഒരാളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(8) തൃശ്ശൂർ സിറ്റി ജില്ലയിൽ സ്പെഷ്യൽ ഡ്രൈവ് പ്രകാരം 66-പേർക്കെതിരെ 151 Cr.PC പ്രകാരം 13 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(9) മലപ്പുറം ജില്ലയിൽ 17-പേർക്കെതിരെ KAAPA നിയമപ്രകാരം നടപടിയെടു-ത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.